## 1082

ജയം ജയം കൊള്ളും നാം ജയം കൊള്ളും നാം
യേശുവിന്റെ കൊടിക്കീഴിൽ ജയം കൊള്ളും നാം

1 നായകനായ് യേശു തന്നെ നടത്തുന്ന സൈന്യം
മായലോകം പേടിക്കേണ്ട ജയം കൊള്ളും നാം-

2 സർവ്വലോക സൈന്യങ്ങളെ സാത്താൻ കൂട്ടിയാലും
സ്വർഗ്ഗനാഥൻ ചിരിക്കുന്നു ജയം കൊള്ളും നാം-

3 കൗശലങ്ങൾ തത്ത്വജ്ഞാനം യേശുവിന്നു വേണ്ടാ
വചനത്തിൻ ശക്തി മതി ജയം കൊള്ളും നാം-

4 ക്രിസ്തൻ ക്രൂശിൻ രക്തത്താലും നിത്യജീവനാലും
വിശുദ്ധാത്മശക്തിയാലും ജയം കൊള്ളും നാം-

5 ക്ലേശിക്കേണ്ടാ ഹല്ലേലുയ്യാ! ദൈവത്തിനു സ്തോത്രം
യേശുകൊണ്ട ജയത്താലെ ജയം കൊള്ളും നാം- V.N.